"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കോട്ടയം ചിറക്കടവ് ഗ്രാമപഞ്ചായത്തിന് ഔദ്യോഗിക വാഹനം വാങ്ങുന്നതിനുള്ള അനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡി.ബി.)വകുപ്പ്

സ.ഉ.(സാധാ) നം.2026/2025/LSGD തീയതി,തിരുവനന്തപുരം, 15-08-2025

---

പരാമർശം:-

1. 17.11.2024-ലെ സ.ഉ.(കൈ.)നം.157/2024/ധന.
2. തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെ 29/12/2024 ലെ LSGD/3326/2024-GEB2 നമ്പർ നടപടിക്രമം
3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 19.03.2025-ലെ LSGD/3326/2024-GEB2-നമ്പർ കത്ത്.

ഉത്തരവ്

കോട്ടയം ജില്ലയിലെ ചിറക്കടവ് ഗ്രാമപഞ്ചായത്തിന്റെ ഔദ്യോഗിക വാഹനമായ KL-34-B-3864-നമ്പർ ബൊലേറോ വാഹനം അറ്റകുറ്റപ്പണി നടത്തി ഉപയോഗിക്കുന്നത് ലാഭകരമല്ലാത്തതിനാൽ ലേലം ചെയ്യുന്നതിന് പരാമർശം (2) പ്രകാരം അനുമതി നൽകിയിരുന്നതിന്റെ അടിസ്ഥാനത്തിൽ ചിറക്കടവ് ഗ്രാമപഞ്ചായത്തിന് 13 ലക്ഷം രൂപ ചെലവഴിച്ച് GEM പോർട്ടൽ മുഖേനെ പുതിയ ഔദ്യോഗിക വാഹനം വാങ്ങുന്നതിന് പദ്ധതി തയാറാക്കിയിട്ടുണ്ടെന്നും എന്നാൽ പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തിന്റെ ധനദൃഢീകരണം സാധ്യമാക്കുന്നതിന് ചെലവുകൾ നിയന്ത്രിക്കേണ്ടത് അനിവാര്യമാണെന്ന് നിഷ്കർഷിച്ചിട്ടുള്ളതിനാൽ പഞ്ചായത്തിലെ ദൈനംദിന ആവശ്യങ്ങൾക്ക് വാഹനം അനിവാര്യമായതിനാൽ ചിറക്കടവ് ഗ്രാമ പഞ്ചായത്തിന് പുതിയ വാഹനം വാങ്ങാൻ പ്രത്യേകാനുമതി നൽകണമെന്ന് പരാമർശം (3 ) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. ടി വാഹനം പുനരുപയോഗിക്കുന്നത് ലാഭകരമല്ല എന്ന് പി.ഡബ്ല്യൂ.ഡി. മെക്കാനിക്കൽ ഡിവിഷൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട് എന്നതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന്റെ ഔദ്യോഗിക വാഹനം ലേലം ചെയ്യുന്നതിന് പരാമർശം (2) പ്രകാരം അനുമതി നൽകിയിട്ടുള്ള സാഹചര്യത്തിലും പഞ്ചായത്തിലെ ദൈനംദിന ആവശ്യങ്ങൾക്ക് വാഹനം അനിവാര്യമാകയാലും ചിറക്കടവ് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽനിന്നും എല്ലാ ചെലവും വഹിക്കണമെന്ന നിബന്ധനയിൽ പരാമർശം (1) പ്രകാരമുള്ള ഉത്തരവിലെ വ്യവസ്ഥകൾക്ക് ഇളവ് നൽകി GEM പോർട്ടൽ മുഖേനെ പുതിയ വാഹനം വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, ചിറക്കടവ് ഗ്രാമപഞ്ചായത്ത്, കോട്ടയം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ /ഓഡിറ്റ്) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്.(3133350/DEV-3/106/2025-Fin dated 19.06.2025)
കരുതൽ ഫയൽ.(DB2/223/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Smitha L
സെക്ഷൻ ഓഫീസർ
Date: 16-08-2025 21:51:41